(ബി) ഉണ്ട്. മൂന്നാറിലെ പാർവ്വതി മലയിൽ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഇന്നൊവേഷൻ മിഷൻ, പശ്ചിമഘട്ട കാലാവസ്ഥാ വ്യതിയാന ഗവേഷണ സ്ഥാപനം, കോട്ടയം എന്നിവ 2012-13 വർഷത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങളാണ്.

(സി) പദ്ധതികളെല്ലാം നടപ്പിലാക്കി വരികയാണ്.

എൻ.സി.എ. ഒഴിവുകൾ

34 (1857) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി മൂന്ന് തവണ വിജ്ഞാപനം ചെയ്തിട്ടും എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിൽ മെയിൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ പി.എസ്.സി.യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും ആയതിന് എന്ത മറുപടിയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാര്യത്തിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) KS&SSR-ലെ ഭാഗം II ചട്ടം 15(a) പ്രകാരം ഒരു തസ്തികയിലെ നിയമനത്തിനായി ഒരു സമുദായത്തിൽനിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാതെ വന്നാൽ ആ ഒഴിവ് നികത്താതെ മാറ്റി വയ്ക്കേണ്ടതും ആ സമുദായത്തിന് മാത്രമായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്. രണ്ടിൽ കുറയാത്ത തവണ പുനർ വിജ്ഞാപനം ചെയ്തിട്ടും ടി സമുദായത്തിൽനിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒഴിവ് തൊട്ടടുത്ത സംവരണ വിഭാഗത്തിന് നൽകേണ്ടതാണ്. എന്നാൽ SC/ST വിഭാഗങ്ങളുടെ ഊഴം ആവർത്തിച്ചുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകാവുന്നതല്ല.

(ബി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണത പരിഹരിക്കുന്ന കാര്യത്തിൽ KS&SSR-ൽ ഭേദഗതി വരുത്തണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം തയ്യാറാക്കി അതിന്മേൽ പി.എസ്.സി.യുടെ ഉപദേശം തേടിയിരുന്നു. എൻ.സി.എ. വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ആറ് മാസമാക്കണമെന്നും, വിജ്ഞാപനങ്ങൾ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തവണയായി നിജപ്പെടുത്തണമെന്നും, മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകുന്ന ഊഴങ്ങൾ (എസ്.സി.-എസ്.ടി. വിഭാഗങ്ങളുടെ ഊഴങ്ങൾ ഉൾപ്പെടെ) ഏറ്റവും അടുത്ത അവസരത്തിൽ തിരികെ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്. എൻ.സി.എ. വിജ്ഞാപനങ്ങൾ രണ്ട് തവണയായി നിജപ്പെടുത്താമെന്നും എന്നാൽ വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ഒരു വർഷം വേണമെന്നും, എസ്.സി.-എസ്.ടി. വിഭാഗങ്ങളുടെ ഊഴങ്ങൾ മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകേണ്ടതില്ല എന്നുമാണ് പി.എസ്.സി.-യുടെ മറുപടിയിലുള്ളത്.

(സി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ നിർദ്ദേശങ്ങൾ പരിശോധിച്ച് KS&SSR-ൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മലയാളം ഭരണഭാഷ

35 (1858) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ഭരണഭാഷയാക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ താലൂക്ക് തലത്തിലും ജില്ലാതലത്തിലും ഉണ്ടായിരുന്ന സംവിധാനം നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) ഭരണഭാഷാ നിയമം പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും ആയത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടക്കുന്നില്ലെന്നും റവന്യൂ വകുപ്പ് അധികാരികളായ ജില്ലാ കളക്ടർമാരുടെയും തഹസീൽദാർമാരുടെയും ഔദ്യോഗിക തിരക്കുകൾ ഇതിന് പ്രധാന കാരണമാകുന്നുണ്ടെന്നും സർക്കാർ വിലയിരുത്തിയിരുന്നു. ഇതിനെത്തുടർന്ന് മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കാത്ത മേൽപ്പറഞ്ഞ സമിതികളുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly